**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1459** **08-12-2022 - ൽ മറുപടിയ്ക്ക്**

**പ്രൈമറി സ്കൂൾ പ്രഥമ അധ്യാപകരുടെ ജോലിഭാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അടുത്തകാലത്ത് കോട്ടയത്തും ഇടുക്കിയിലും പ്രൈമറി സ്കൂൾ പ്രഥമ അധ്യാപകർ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോട്ടയം ജില്ലയിൽ അടുത്ത കാലത്തായി ഒരു പ്രഥമ അധ്യാപിക ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രഥമ അധ്യാപക തസ്തികയിലെ അമിത ജോലി ഭാരവും മാനസിക സമ്മർദ്ദവും ആണ് ആത്മഹത്യയ്ക്കുള്ള കാരണമെന്നത് സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ; | (ബി) | പരിശോധിക്കുകയുണ്ടായി. ആത്മഹത്യ ചെയ്ത അധ്യാപിക ജോലി ചെയ്തിരുന്ന സ്കൂളിൽ ഒന്ന്, നാല് ക്ലാസുകളിൽ കുട്ടികൾ ഒന്നും തന്നെ പഠിക്കുന്നില്ല. 2,3 ക്ലാസുകളിൽ 4,2 എന്ന ക്രമത്തിൽ ആകെ 6 കുട്ടികൾ മാത്രമാണ് പഠിച്ചിരുന്നത്. പ്രസ്തുത സ്കൂളിൽ പ്രധാന അധ്യാപിക ഉൾപ്പെടെ രണ്ട് അധ്യാപകരും ഒരു പി.റ്റി.സി.എം തസ്തികയും അനുവദിച്ചിട്ടുണ്ട്. കേവലം 6കുട്ടികൾ മാത്രം പഠിക്കുന്ന സ്കൂളിലെ അമിത ജോലി ഭാരമാണ് ആത്മഹത്യയ്ക്ക് കാരണമെന്ന് കരുതാനാവില്ല. |
| (സി) | സർക്കാർ സ്കൂളുകളിൽ പ്രാഥമാധ്യാപക നിയമനം അംഗീകരിക്കാത്തതും പ്രമോഷൻ തസ്തിയിലുള്ള ശമ്പള അനുകൂല്യങ്ങൾ നൽകാത്തതും കടുത്ത ജോലി ഭാരം ഉള്ളതുമായ സാഹചര്യം നിലവിലുണ്ടോ; | (സി) | പ്രഥമ അധ്യാപകരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് നിലനിൽക്കുന്നത് കൊണ്ടാണ് ടിയാളുകൾക്ക് പ്രൊമോഷന്റെ സാമ്പത്തിക ആനുകൂല്യം നൽകാൻ കഴിയാത്തത്. പ്രസ്തുത കേസ് അവസാനിപ്പിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ച് വരുന്നു. |
| (ഡി) | മറ്റ അധ്യാപകരെ പോലെ ക്ലാസ് എടുക്കുന്നതിന് പുറമെ പ്രൈമറി സ്കൂൾ പ്രഥമ അധ്യാപകരിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ; | (ഡി) | കെ.ഇ.ആർ ചാപ്റ്റർ IX റൂൾ 11 ൽ പ്രധാനാധ്യാപകരുടെ ചുമതലകളെ പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ഇ) | പാചകവാതകത്തിനും പാലിനും പച്ചക്കറിക്കും പലചരക്കിനും ഒക്കെ ഇരട്ടിയിലേറെ വില വർധിച്ചിട്ടും കുട്ടികൾക്ക് നൽകേണ്ട ഭക്ഷണത്തിനുള്ള തുക വർധിപ്പിക്കാത്തത് പ്രഥമ അധ്യാപകർക്ക് സാമ്പത്തിക സമ്മർദ്ദം ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ വ്യക്തമാക്കാമോ; | (ഇ) | കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള തുക കൂട്ടുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (എഫ്) | ഉച്ചക്ഷണത്തിന്റെ കാര്യങ്ങൾക്കായും,ശമ്പളം മറ്റ് സാമ്പത്തിക കാര്യങ്ങൾ എന്നിവയ്ക്കായും ട്രഷറിയിലേക്കും മറ്റിടങ്ങളിലേക്കും യാത്ര ചെയ്യേണ്ടിവരുന്ന പ്രഥമ അധ്യാപകർക്ക് സഹായത്തിന് സ്റ്റാഫ് ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | എൽ.പി.സ്കൂളുകളിൽ ഒരു പി.റ്റി.സി.എം തസ്തികയും യു.പി സ്കൂളിൽ ഒരു ഓഫീസ് അറ്റൻഡന്റും ഒരു പി.റ്റി.സി.എം തസ്തികയും അധ്യാപകർക്ക് പുറമേ അനുവദിച്ചിട്ടുണ്ട്. 150 ൽ കൂടുതൽ കുട്ടികൾ ഉള്ള എൽ.പി സ്കൂളുകളിലും 100 ൽ അധികം കുട്ടികൾ ഉള്ള യു.പി സ്കൂളുകളിലും പ്രധാന അധ്യാപകരെ ക്ലാസ്സ് ചാർജ്ജിൽ നിന്നും ഒഴിവാക്കുകയും ഒരു ഹെഡ് ടീച്ചർ തസ്തിക അധികമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ജി) | എങ്കിൽ പ്രഥമ അധ്യാപകരുടെ ജോലിഭാരം കുറയ്ക്കുന്നതിനും മാനസിക സമ്മർദ്ദം ഇല്ലാതാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുവനാണ് ഉദ്ദേശിക്കുന്നത് വിശദമാക്കാമോ? | (ജി) | എൽ.പി.സ്കൂളുകളിൽ ഒരു പി.റ്റി.സി.എം തസ്തികയും യു.പി സ്കൂളിൽ ഒരു ഓഫീസ് അറ്റൻഡന്റും ഒരു പി.റ്റി.സി.എം തസ്തികയും അധ്യാപകർക്ക് പുറമേ അനുവദിച്ചിട്ടുണ്ട്. 150 ൽ കൂടുതൽ കുട്ടികൾ ഉള്ള എൽ.പി സ്കൂളുകളിലും 100 ൽ അധികം കുട്ടികൾ ഉള്ള യു.പി സ്കൂളുകളിലും പ്രധാന അധ്യാപകരെ ക്ലാസ്സ് ചാർജ്ജിൽ നിന്നും ഒഴിവാക്കുകയും ഒരു ഹെഡ് ടീച്ചർ തസ്തിക അധികമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

11. **Headmaster's duties-** The Headmaster's duties shall include the following -

(i) to see that the rules and orders issued by the Department and Government are complied with;

(ii) to maintain discipline in the school;

(iii) to organise work in the school by framing time-tables, distributing work among the assistants, conducting tests and examinations and encouraging extracurricular activities.

(iv) to effect promotions of pupils from Standard to Standard in accordance with the prescribed rules;

(v) to supervise the work of teachers;

(vi) to see that records, books and registers of the school are maintained in proper conditions and to attend to school correspondance promptly;

(vii) to collect fees from the pupils through the teachers and remit the amount into the Treasury in the case of the Government and aided schools (or send it to the educational agencies, in the case of recognised schools) as per detailed instructions regarding levy collection, and remittance of fees;

(viii) to maintain the school premises in a healthy, neat and tidy condition

(ix) to organise and conduct staff council in which all the teachers may be members and the Headmaster, the chairman.

---

സെക്ഷൻ ഓഫീസർ